## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2080

07.07.2015-ലെ മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | നിത്യോപയോഗ സാധനങ്ങൾ പലതും കൺസ്യൂമർ ഫെഡ് വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കാമോ ; | (ബി) | ഇല്ല. കൺസ്യൂമർഫെഡിന് അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യം മൂലം ഫെഡറേഷന്റെ സ്റ്റോറുകളിൽ വേണ്ടത്ര ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുവാൻ കഴിയുന്നില്ല. അക്കാരണത്താൽ കൺസ്യൂമർഫെഡിന്റെ പൊതുവിലുള്ള പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ട്. ഈ ന്യൂനത പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡിന് സർക്കാർ ഫണ്ടുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആറ് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 150 കോടി രൂപാ വായ്പ ലഭ്യമാക്കി, സാധനങ്ങൾ സംഭരിച്ച് ഫെഡറേഷന്റെ സ്റ്റോറുകളിലെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | കൺസ്യൂമർ ഫെഡ് വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്ത വകയിൽ സബ്സിഡിയായി കൺസ്യൂമർ ഫെഡിന് സർക്കാരിൽ നിന്നും പണം ലഭിക്കാനുണ്ടോ ; ഉണ്ടെങ്കിൽ ഏതു വർഷം മുതൽ എത്ര തുക വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | ഉണ്ട്. കൺസ്യൂമർഫെഡ് വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്ത വകയിൽ സബ്സിഡിയായി കൺസ്യൂമർഫെഡിന്റെ കണക്ക പ്രകാരം സർക്കാരിൽ നിന്നും 1998 ഓണം മുതൽ 2014 റംസാൻ വരെ സർക്കാർ സബ്സിഡിയോടെ വിൽപന നടത്തിയ വകയിൽ ലഭിക്കേണ്ട 465.46 കോടി രൂപയിൽ സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചതായ 350.01 കോടി രൂപ കുറച്ചാൽ ബാക്കി 115.45 കോടി രൂപ ലഭിക്കാനുണ്ട്. |
| (ഡി) | ഈ തുക കൊടുത്തുതീർക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) | ടി തുക തൻവർഷത്തെ ബഡ്ജറ്റിൽ സബ്സിഡിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 15 കോടി രൂപയും ബാക്കിയുള്ള തുക എസ്.ഡി.ജി മുഖാന്തിരവും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ